(സി) ഇൻവെസ്റ്റിഗേഷൻ, മാതൃകാപഠനം എന്നിവ പൂർത്തീകരിച്ചശേഷം ഇംപ്ലിമെന്റേഷൻ പഠനം, മണ്ണിന്റെ ഉറപ്പ് പരിശോധിക്കുന്നതിനുള്ള ബോറിംഗ് എന്നിവ നടത്തേണ്ടതുണ്ട്.

(ഡി) മാതൃകാപഠനം, ഇംപ്ലിമെന്റേഷൻ പഠനം എന്നിവ പൂർത്തീകരിച്ചശേഷം ചീഫ് എഞ്ചിനീയർ പദ്ധതി രൂപരേഖ തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

മത്സ്യബന്ധന നിയന്ത്രണ മേഖല

145 (146) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉൾനാടൻ ജലഗതാഗതവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഡോ. മീനാകുമാരി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കടലിലെ മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) കടലിൽ 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ 'കരുതൽമേഖല' ആയി മാറ്റുന്നത് മൂലം പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട് ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം രണ്ട് പ്രാവശ്യം കൂടുകയും യോഗത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 'കരുതൽമേഖല' സംബന്ധിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന ആശങ്ക പരിഹരിക്കുന്നതിന് ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തിന് അംഗീകരിക്കാൻ കഴിയില്ലെന്ന വസ്തുത ഉൾപ്പെടുത്തിക്കൊണ്ടുള്ള റിപ്പോർട്ട് കേന്ദ്രസർക്കാരിന് അയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly